STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2348581, 2342950, 2342271, 2342369 Fax: 0471 2344841, email : ksos8581@gmail.com

ഡി സി എ/4299/19/സ്കോൾ കേരള തീയതി : 03.12.2020

## സ്കോൾ കേരളയിലെ വിവിധ ക്ലാസുകൾ ഓൺലൈൻ മുഖേന സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

1. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്.
2. എല്ലാ ക്ലാസ്സുകളും സംഘടിപ്പിക്കേണ്ടത് പ്രിൻസിപ്പാളിന്റെ മേൽനോട്ടത്തിലും കോർഡിനേറ്റിംഗ് ടീച്ചറുടെ നിയന്ത്രണത്തിലും ആയിരിക്കണം.
3. ഓൺലൈൻ ക്ലാസ്സുകൾ എല്ലാ കുട്ടികൾക്കും ഒരുപോലെ ലഭ്യമാകുന്ന രീതിയിൽ ക്രമീകരണം നടത്താൻ കോർഡിനേറ്റിംഗ് ടീച്ചർ ശ്രദ്ധിക്കേണ്ടതാണ്.
4. ഓരോ ക്ലാസ്സിലും വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും ഹാജർനില രേഖപ്പെടുത്തിയ രജിസ്റ്ററുകൾ ഉണ്ടായിരിക്കണം.
5. നിശ്ചയിക്കപ്പെട്ട ദിവസം, സമയം, വിഷയം ഹാജർനില എന്നിവ കൃത്യമായി രേഖപ്പെടുത്തിയ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.
6. നിശ്ചയിക്കപ്പെട്ട മണിക്കൂറുകളിൽ എല്ലാ വിദ്യാർത്ഥികൾക്കും ക്ലാസുകൾ ലഭ്യമാക്കിയിട്ടുണ്ട് എന്ന് കോർഡിനേറ്റിംഗ് ടീച്ചർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
7. ഏത് മാർഗം ഉപയോഗിച്ചാണ് വിദ്യാർഥികൾക്ക് ക്ലാസ്സുകൾ ലഭ്യമാക്കിയത് എന്ന വിവരം കോഡിനേറ്റംഗ് ടീച്ചർമാർ അറിയിക്കേണ്ടതാണ്.
8. അതാത് ജില്ലകളിലെ സ്കോൾ കേരള ഓഫീസർ ഇൻചാർജ്, ക്ലാസുകൾ മോണിറ്റർ ചെയ്തിട്ടുണ്ട് എന്ന് തെളിയിക്കുന്ന screen shot കൾ ലഭ്യമാക്കേണ്ടതാണ്.
9. ലോക്ഡൗണിന് മുമ്പും അതിനു ശേഷവും നടന്നിട്ടുള്ള തിയറി ക്ലാസ്സുകളുടേയും പ്രാക്ടിക്കൽ ക്ലാസുകളുടേയും വിശദാംശം പ്രത്യേകം സമർപ്പിക്കേണ്ടതാണ്.
10. നിശ്ചിത സമയത്ത് ഓൺലൈൻ ക്ലാസ്സിൽ പങ്കെടുക്കാൻ കഴിയാത്തവർക്കായി റെക്കോർഡ് ചെയ്ത് അല്ലെങ്കിൽ ഡൗൺലോഡ് ചെയ്ത് വീണ്ടും ഉപയോഗിക്കാവുന്ന തരത്തിൽ ക്ലാസുകൾ ലഭ്യമാക്കേണ്ടതാണ്.
11. വിദ്യാർത്ഥികൾക്ക് ഓൺലൈൻ വഴി ലഭ്യമാകുന്ന ക്ലാസ്സിന്റെ ആധികാരികതയും ഗുണമേന്മയും ഉറപ്പു വരുത്തേണ്ടത് അധ്യാപകരുടെ കടമയാണ്.
12. മുൻകാലങ്ങളിലെ ഫോർമാറ്റ് പ്രകാരമുള്ള രേഖകൾ നിഷ്കർഷിച്ചിട്ടുള്ള ഓൺലൈൻ ക്ലാസ്സിന്റെ വിശദാംശങ്ങൾ ലഭ്യമാകുന്ന മുറക്ക് പ്രതിഫലം അനുവദിക്കുന്നതാണ്.

വൈസ് ചെയർമാൻ

സ്വീകർത്താവ്

പ്രിൻസിപ്പാൾ
എല്ലാ ഡിസിഎ/ഒ ആർ പഠന കേന്ദ്രങ്ങൾക്കും

പകർപ്പ്

1. കോഡിനേറ്റിംഗ് അധ്യാപകർ, ഡിസിഎ/ഒ ആർ പഠന കേന്ദ്രം
2. ജില്ലാ ഓഫീസർ ഇൻചാർജ്
3. ഓഫീസ് കോപ്പി